## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 15.10.2025 മുതൽ 19.10.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 41/2025 (82) ചൊവ്വാഴ്ച | തീയ്യതി 14/10/2025 |
|---|---|

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| **കാലാവസ്ഥാ ഘടകങ്ങൾ** | **15.10.2025** | **16.10.2025** | **17.10.2025** | **18.10.2025** | **19.10.2025** |
| മഴ (മില്ലി മീറ്റർ) | 8 | 4 | 5 | 3 | 12 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 200 | 230 | 320 | 360 | 160 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 7 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത. 2025 ഒക്ടോബർ 14 മുതൽ 18 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ ശക്തമായ കാറ്റിനും, മഴയ്ക്കും സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | - | കൊയ്ത്തുസമയം |
| നെല്ല് (മുണ്ടകൻ) ഞാറ് പരുവം | ബാക്റ്റീരിയൽ ഇല കരിച്ചിൽ | 2 % ചാണകത്തെളി - സ്യൂഡോമോണസ് മിശ്രിതം 10 ദിവസം ഇടവിട്ട് രണ്ട് പ്രാവശ്യം തളിക്കുക. |
| | ഓലചുരുട്ടി പുഴു | ഒരു ഏക്കർ പാടശേഖരത്തിനു 2 സി സി ട്രൈക്കോഗ്രാമ്മ മുട്ട കാർഡ് പല കഷണങ്ങളായി മുറിച്ച് വയലിൻറ്റെ പല ഭാഗങ്ങളിലായി ഓലയുടെ അടിഭാഗത്ത് കുത്തി വയ്ക്കുക. അല്ലെങ്കിൽ 2 മി.ലി. ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| തെങ്ങ് | കൂമ്പുചീയൽ | മണ്ട വൃത്തിയാക്കിയ ശേഷം 10 ശതമാനം ബോർഡോപേസ്റ് പുരട്ടുകയും ഒരു ശതമാനം ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുകയും ചെയ്യുക. |
| | മഹാളി, ഇല അഴുകൽ | ഒരു ശതമാനം ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. |

മൽസ്യസംരക്ഷണം -: കുളങ്ങളിലെ വെള്ളത്തിൽ അമ്ലത വ്യതിയാനത്തിന് സാധ്യത ഉള്ളതിനാൽ വെള്ളം പരിശോധിച്ച ശേഷം ബണ്ടുകളിൽ ആവശ്യാനുസരണം കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മത്സ്യക്കുളങ്ങളിലെ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.